**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6485 **03/04/2018**-ലെ മറുപടി

**മാനന്തവാടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. ആർ. കേളു | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) വരൾച്ച നേരിടുന്നതിനായി ജല അതോറിറ്റി കുടിവെള്ള പദ്ധതികളിലെ അടിയന്തിര പ്രവർത്തികൾ നടത്തുന്നതിനായി വിവിധ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ കുടിവെള്ള സ്രോതസ്സ് നവീകരണ പ്രവൃത്തികൾ, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുമുണ്ട്.<br>1. തിരുനെല്ലിയിലേക്കുള്ള ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി- ബാവാലിയിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.<br>2 മാനന്തവാടിയിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി- ഉണ്ടിപ്പറമ്പിൽകുന്നിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.<br>3. മാനന്തവാടിയിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി- വണ്ടാനംകുന്നിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.<br>4. വേമം, നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി- ഇടവക, വെള്ളമുണ്ട പഞ്ചായത്തുകളിലെ തോന്നിച്ചൽ, നാലാം മൈൽ , കെല്ലൂർ പ്രദേശങ്ങളിലേക്കുള്ള കാലപ്പഴക്കം ചെന്ന 250.എം.എം. എ.സി. ഡിസ്ട്രിബ്യൂഷൻ മെയിൻ മാറ്റുന്ന പ്രവൃത്തി. |
| (ബി) മാനന്തവാടി മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; | (ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മാനന്തവാടി മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. നബാർഡ് സഹായത്തോടു കൂടിയുള്ള മാനന്തവാടി, ഇടവക, നല്ലൂർനാട് വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി.<br>2. എൻ.ആർ.ഡി.ഡബ്ല്യൂ.പി സ്കീമിൽ കള്ളിയോട്ട് കുന്ന് കുടിവെള്ള പദ്ധതി<br>3. ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജിനുള്ള കുടിവെള്ള പദ്ധതി (ഡെപ്പോസിറ്റ് വർക്ക്)<br>4. കിഫ്ബിയിൽ ഉൾപ്പെടുത്തി മാനന്തവാടി, ഇടവക, നല്ലൂർനാട് വില്ലേജുകൾക്കുള്ള വിതരണശൃംഖല നീട്ടുന്ന പ്രവൃത്തി.<br>5. വേമം, നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി- കാവുംമൂല |

കോളനിയിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

6. വേമം, നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി- വിവിധ കോളനികളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

7. തിരുനെല്ലിയിലേക്കുള്ള ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി - വിവിധ സ്ഥലങ്ങളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

8. മാനന്തവാടിയിലേക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി- അമ്പുകുത്തി, പള്ളിക്കുന്ന് റോഡിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

9. മാനന്തവാടി മുനിസിപ്പാലിറ്റിയിലേക്കും ഇടവക ഗ്രാമപഞ്ചായത്തിലേക്കുമുള്ള കല്ലുമൊട്ടംകുന്ന് ജലവിതരണ പദ്ധതി- മാനന്തവാടി മുനിസിപാലിറ്റിയിലെ V, XXVIII, XXXIII വാർഡുകളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

10 വേമം, നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി- പായമ്പള്ളി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സമീപത്തുള്ള ഗ്രൗണ്ട് ലെവൽ സമ്പ് മുതൽ വള്ളിയൂർക്കാവ് വരെയുള്ള കാലപ്പഴക്കം ചെന്ന 250 എം.എം. എ.സി. ഗ്രാവിറ്റി മെയിൻ മാറ്റുന്ന പ്രവൃത്തി.

(സി) കിഫ്ബി ധനസഹായത്താൽ നടപ്പാക്കുന്ന മാനന്തവാടി കുടിവെള്ള പദ്ധതി ഉടൻ കമ്മീഷൻ ചെയ്യാൻ കഴിയുമോ;

(സി) കിഫ്ബി ധനസഹായത്താൽ നടപ്പാക്കുന്ന മാനന്തവാടി കുടിവെള്ള പദ്ധതി 2018 ജൂൺ മാസത്തോടു കൂടി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

(ഡി) ഈ പദ്ധതിക്ക് നിലവിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ഈ പദ്ധതിക്ക് നിലവിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

Renuka Sankar
സെക്ഷൻ ഓഫീസർ